# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## <u>പത്രക്കുറിപ്പ്</u>

2022-23 വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ രണ്ടാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു .

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 25.08.2022, 3.00 PM-നുള്ളിൽ, താഴെ പ്രതിപാദിച്ചിട്ടുള്ള മാൻഡേറ്ററിഫീസ് അടച്ച ശേഷം കോളേജുകളിൽ റിപ്പോർട്ട് ചെയ്ത് താൽക്കാലിക/സ്ഥിര അഡ്മിഷൻ എടുത്ത് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

1.എസ് സി/ എസ് ടി / ഒ.ഇ.സി / ഒ.ഇ.സി-ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾ : 115/- രൂപ

2. മറ്റുള്ളവർ : 480/- രൂപ

1 ഉം 2 ഉം അലോട്ട്മെന്റ് ലഭിച്ച് മാന്റേറ്ററി ഫീസ് അടച്ച എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും സ്ഥിരം/താൽക്കാലിക അഡ്മിഷൻ എടുക്കേണ്ടതാണ്. ആദ്യമായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ മാന്റേറ്ററി ഫീസ് അടയ്ക്കേണ്ടതാണ്. ഒന്നാമത്തെ അലോട്ട്മെന്റ് ലഭിച്ച് മാന്റേറ്ററി ഫീസ് അടച്ച വിദ്യാർത്ഥികൾ (അലോട്ട്മെന്റ് മാറിയിട്ടുണ്ടെങ്കിൽ കൂടി) വീണ്ടും ഫീസ് അടയ്ക്കേണ്ടതില്ല.

ലഭിച്ച ഓപ്ഷനിൽ തൃപ്തരായ വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ 24.08.2022 മുതൽ 25.08.2022 വരെയുള്ള തിയതികളിൽ സ്റ്റുഡന്റ് ലോഗിൻ വഴി നിർബന്ധമായും ഹയർ ഓപ്ഷൻ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദാക്കിയവർ പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല.

പ്രവേശനത്തിനായി മതിയായ രേഖകൾ കൈവശം ഇല്ലാത്ത വിദ്യാർത്ഥികൾ പ്രസ്തുത രേഖകൾ 25.08.2022 തിയതിക്ക് മുൻപായി ഹാജാരാക്കി പ്രവേശനം നേടേണ്ടതാണ്.

താൽക്കാലിക പ്രവേശനം നേടുന്നവർ കോളേജിൽ യാതൊരുവിധ ഫീസും അടവാക്കേണ്ടതില്ല. സ്ഥിരം പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ടി.സി. ഒഴികെയുള്ള യോഗ്യത പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ കോളേജിലെ പരിശോധനകൾക്ക് ശേഷം പ്രവേശനം നേടുന്ന ദിവസം തന്നെ തിരിച്ചുവാങ്ങാവുന്നതാണ്.

(ഒപ്പ്)
ഡയറക്ടർ

C.U. Campus
19.08.2022